**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാര്യങ്ങൾക്ക സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും മനുഷ്യന്റെ നിലനിൽപ്പിന് അടിസ്ഥാനമായ കൃഷിക്കുമാത്രം സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കൃഷിക്ക് മാത്രമായി സ്റ്റാന്റിംഗ് കമ്മിറ്റി നിലവിലില്ല. കാർഷിക മേഖലയ്ക്ക് ഊന്നൽ നല്കികൊണ്ട് ഈ മേഖലയിലെ ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിലെ പദ്ധതികൾ ചർച്ച ചെയ്യുന്നതിനും പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ കൃഷി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാർഷികമേഖലക്ക് പ്രാധാന്യം നൽകുന്നതിന് വേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; വിശദമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിയില്ല. |

സെക്ഷൻ ഓഫീസർ